## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1601 — 21.03.2012 ൽ മറുപടിയ്ക്ക്

### കർഷകർക്കായുള്ള രജിസ്ട്രേഷൻ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ | | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| **(എ)** | സംസ്ഥാനത്തെ ഏതെല്ലാം ജില്ലകളിലെ കർഷകർക്കാണ് രജിസ്ട്രേഷൻ ആരംഭിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | **(എ)** നിലവിൽ വയനാട് ജില്ലയിൽ മാത്രമാണ് കർഷക രജിസ്ട്രേഷൻ ആരംഭിച്ചിട്ടുള്ളത്. |
| **(ബി)** | നാളിതുവരെ എത്ര കർഷകരാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | **(ബി)** 2012 ഫെബ്രുവരി 29-ാം തീയതി വരെ 1,05,000 കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| **(സി)** | ഇപ്രകാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ; | **(സി)** കൃഷിഭൂമിയുള്ള എല്ലാ കർഷകർക്കും രജിസ്റ്റർ ചെയ്യാവുന്നതാണ്. പ്രത്യേകിച്ച് മാനദണ്ഡമൊന്നും ഉൾപ്പെടുത്തിയിട്ടില്ല. |
| (ഡി) | ഈ പദ്ധതിയിലൂടെ എന്തെല്ലാം സഹായങ്ങളാണ് കർഷകർക്ക് നൽകുന്നതെന്ന് വ്യക്തമാക്കുമോ; | (ഡി) കർഷകർക്ക് ലഭിക്കേണ്ട എല്ലാ ആനുകൂല്യങ്ങളും കർഷകന്റെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് ഈ പദ്ധതി മുഖേന സാധ്യമാവുന്നതാണ്. |
| (ഇ) | ചെറുകിട നാമമാത്രകർഷകരെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) ചെറുകിട -നാമമാത്ര കർഷകരെയെല്ലാം തന്നെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ